A

Samagra Shiksha Kerala

# സമഗ്ര ശിക്ഷാ കേരളം

705

## ആത്യന്തിക വിലയിരുത്തൽ I 2026-2027

### സാമൂഹ്യശാസ്ത്രം

ക്ലാസ്: 7

സമയം: 2 മണിക്കൂർ 15 മിനിറ്റ്

**നിർദേശങ്ങൾ**

- ആകെ സമയത്തിന്റെ ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിച്ചു മനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- 6 ചോദ്യങ്ങൾക്ക് ഉത്തരം എഴുതണം. ചോദ്യങ്ങളിലെ ഉപചോദ്യങ്ങൾക്കെല്ലാം ഉത്തരം എഴുതണം.

---

1 1526 ലെ ഒന്നാം പാനിപ്പത്ത് യുദ്ധത്തിൽ ഇബ്രാഹിംലോദിയെ പരാജയപ്പെടുത്തി ബാബർ മുഗൾ സാമ്രാജ്യത്തിനു തുടക്കം കുറിച്ചു.

a) മുഗൾ ഭരണകാലഘട്ടത്തിലെ പ്രധാന ഭരണാധികാരികളും അവരുടെ കാലഘട്ടവും ചുവടെ നൽകിയിരിക്കുന്നു. പട്ടിക പൂർത്തിയാക്കുക.

| ഭരണകർത്താക്കൾ | കാലഘട്ടം |
|---|---|
| ബാബർ | i) .................. |
| ഹുമയൂൺ | 1530-1540<br>1555-1556 |
| ii) .................. | 1556 – 1605 |
| ജഹാംഗീർ | iii) .................. |
| iv) .................. | 1628 – 1658 |
| ഔറംഗസേബ് | 1658- 1707 |

b) നൽകിയിരിക്കുന്നവയിൽ അക്ബറിന്റെ മതസഹിഷ്ണുതയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏതെല്ലാം?

1. ഫത്തേപ്പൂർ സിക്രിയിൽ ഇബാദത്ത് ഖാന പണി കഴിപ്പിച്ചു.
2. കലാപരമായ കഴിവുകൾ പ്രകടിപ്പിക്കുവാനുള്ള വേദിയായിരുന്നു ഇബാദത്ത് ഖാന.
3. ജസിയ എന്ന മതനികുതി നിർത്തലാക്കി.
4. രാജസദസിലെ ഉന്നതസ്ഥാനീയരായിരുന്നു അഷ്ടദിഗ്ഗജങ്ങൾ.

A. പ്രസ്താവന ഒന്നും രണ്ടും ശരി B. പ്രസ്താവന ഒന്നും മൂന്നും ശരി

C. പ്രസ്താവന രണ്ടും മൂന്നും ശരി D. പ്രസ്താവന ഒന്നും നാലും ശരി

c) അക്ബർ നടപ്പിലാക്കിയ സൈനിക സമ്പ്രദായത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

രണ്ടാമത്തെ ചോദ്യത്തിന് **2(A), 2(B)** എന്നീ ഭാഗങ്ങൾ ഉണ്ട്. **2(A), 2(B)** എന്നിവയിൽ ഏതെങ്കിലും ഒന്ന് പൂർണ്ണമായും എഴുതിയാൽ മതിയാകും.

**2(A)** ദക്ഷിണേന്ത്യയിൽ നിലനിന്നിരുന്ന സമ്പന്നവും ശക്തവും ആയിരുന്ന രാജ്യമായിരുന്നു വിജയനഗരം.

a) നൽകിയിരിക്കുന്ന പ്രസ്താവനകളിൽ നിന്നും വിജയനഗര സാമ്രാജ്യവുമായി ബന്ധപ്പെട്ട പ്രസ്താവനകൾ കണ്ടെത്തി എഴുതുക.

A. സമൂഹത്തിൽ ബ്രാഹ്മണർക്കായിരുന്നു ഉയർന്ന മേധാവിത്വം.

B. ഹിന്ദുസ്ഥാനി സംഗീതം ഉദ്ഭവിച്ചത് ഈ സാമ്രാജ്യത്തിലായിരുന്നു.

C. ശൈശവവിവാഹം, സതിസമ്പ്രദായം എന്നിവയും സമൂഹത്തിൽ കാണപ്പെട്ടിരുന്നു.

D. രാജകീയ കണക്കുകൾ തയ്യാറാക്കിയിരുന്നത് സ്ത്രീകളാണ്.

E. ഇൻഡോ - പേർഷ്യൻ വാസ്തുവിദ്യാശൈലിയാണ് അവലംബിച്ചിരുന്നത്.

b) നൽകിയിരിക്കുന്ന പ്രസ്താവനയും കാരണവും ശരിയാണോ?

<u>പ്രസ്താവന:-</u> വിജയനഗര സാമ്രാജ്യത്തിൽ നീതിനിർവഹണത്തിനായി വിവിധ തലങ്ങളിൽ കോടതികൾ സ്ഥാപിച്ചിരുന്നു.

<u>കാരണം:-</u> നീതിനിർവഹണം സൈന്യാധിപന്മാരുടെ നിയന്ത്രണത്തിലാക്കുന്നതിനു വേണ്ടിയാണ് വിവിധ തലങ്ങളിൽ കോടതികൾ സ്ഥാപിച്ചത്.


A. പ്രസ്താവന ശരി. കാരണം തെറ്റ്.

B. പ്രസ്താവനയും കാരണവും ശരി.

C. പ്രസ്താവന തെറ്റ്. കാരണം ശരി.

D. പ്രസ്താവനയും കാരണവും തെറ്റ്.

c) ചിത്രം നിരീക്ഷിക്കൂ.



വിജയനഗര സാമ്രാജ്യകാലത്ത് പണികഴിപ്പിക്കപ്പെട്ട ഈ ക്ഷേത്രം ഏത് ശില്പരീതിക്ക് ഉദാഹരണമാണ്?

**അല്ലെങ്കിൽ**

**2 (B)** രാജവാഴ്ചയാണ് വിജയനഗര ഭരണകാലത്ത് നിലനിന്നിരുന്നത്.

a) വിജയനഗര ഭരണവുമായി ബന്ധപ്പെട്ട് നൽകിയിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത് കണ്ടെത്തി എഴുതുക.

A. ഭരണസൗകര്യത്തിനായി രാജ്യത്തെ മണ്ഡലങ്ങൾ, നാടുകൾ, സ്ഥലം, ഗ്രാമങ്ങൾ, എന്നിങ്ങനെ വിഭജിച്ചിരുന്നു.

B. മന്ത്രിമാരെ തരംതാഴ്ത്തുന്നതിനും ശിക്ഷിക്കുന്നതിനുമുള്ള അധികാരം രാജാവിനായിരുന്നു.

C. അപ്പീൽ അധികാരി മന്ത്രിസഭ ആയിരുന്നു.

D. സൈനികമേധാവികൾ അമരനായകൻമാർ എന്നറിയപ്പെട്ടിരുന്നു.

E. മന്ത്രിമാരെ തരംതാഴ്ത്തുവാനും ശിക്ഷിക്കുവാനുമുള്ള അധികാരം അമരനായകൻമാർക്കായിരുന്നു.

b) നൽകിയിരിക്കുന്ന സൂചനകളിൽ നിന്ന് വ്യക്തിയെ തിരിച്ചറിഞ്ഞ് എഴുതുക.

<u>സൂചനകൾ</u>

1. ഏറ്റവും പ്രശസ്തനായ ഭരണാധികാരി
2. മതസഹിഷ്ണുതയായിരുന്നു അദ്ദേഹത്തിന്റെ പ്രശസ്തിക്ക് പ്രധാന കാരണം.
3. അമുക്തമാല്യദ, ജാംബവതീകല്യാണം എന്നീ കൃതികളുടെ രചയിതാവ്.

c) ചിത്രം നിരീക്ഷിക്കൂ.



ഹംപിയിൽകാണുന്ന ഈ നിർമ്മിതിയുടെ പേരെന്ത്?

മൂന്നാമത്തെ ചോദ്യത്തിന് 3(A), 3(B) എന്നീ ഭാഗങ്ങൾ ഉണ്ട്. 3(A), 3(B) എന്നിവയിൽ ഏതെങ്കിലും ഒന്ന് പൂർണ്ണമായും എഴുതിയാൽ മതിയാകും.

**3(A)** ജാതിഭേദമന്യേ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളും ഭക്തിപ്രസ്ഥാനത്തിലേക്ക് ആകൃഷ്ടരായി.

a) ഭക്തിപ്രസ്ഥാനത്തിന്റെ പ്രധാന സവിശേഷതകൾ പട്ടികപ്പെടുത്തുക.

b) നൽകിയിരിക്കുന്ന ആശയങ്ങൾ പ്രചരിപ്പിച്ച ഭക്തിപ്രസ്ഥാന പ്രചാരകരെ തിരിച്ചറിഞ്ഞ് പട്ടിക പൂർത്തിയാക്കുക.

| ആശയങ്ങൾ | പ്രചാരകർ |
|---|---|
| i. ദോഹ | • കബീർ |
| ii. ലംഗാർ | • |
| iii. കൃഷ്ണഭജനുകൾ | • |
| iv. വചനങ്ങൾ | • ബസവണ്ണ |

**അല്ലെങ്കിൽ**

**3(B)** ഭക്തിപ്രസ്ഥാനത്തിന്റെ വളർച്ചയിൽ സ്ത്രീകൾ പ്രധാന പങ്ക് വഹിച്ചിരുന്നു.

a) ഭക്തിപ്രസ്ഥാനത്തിന്റെ വളർച്ചയെ സ്വാധീനിച്ച വനിതകളും അവർ സ്വാധീനം ചെലുത്തിയ പ്രദേശങ്ങളും പട്ടികപ്പെടുത്തുക.

| |
|---|
| മീരാഭായ്, ആണ്ടാൾ, ലാൽദേദ്, അക്ക മഹാദേവി |

| ഭക്തിപ്രസ്ഥാനത്തിലെ വനിതകൾ | സ്വാധീനം ചെലുത്തിയ പ്രദേശങ്ങൾ |
|---|---|
| | i. തമിഴ്നാട് |
| | ii. രാജസ്ഥാൻ |
| | iii. കാശ്മീർ |
| | iv. കർണ്ണാടക |

b) ഭക്തി-സൂഫി പ്രസ്ഥാനങ്ങളുടെ സ്വാധീനം സമൂഹത്തിൽ ചെലുത്തിയ മാറ്റങ്ങൾ പട്ടികപ്പെടുത്തുക.

4 ലോകത്തെ ഏറ്റവും വലിയ എഴുതപ്പെട്ട ഭരണഘടനയാണ് ഇന്ത്യയുടേത്.

a) ഭരണഘടനയുടെ സവിശേഷതകളെ ആസ്പദമാക്കി റിപ്പബ്ലിക് ദിനത്തിൽ അവതരിപ്പിക്കുന്നതിന് ഒരു പ്രസംഗം തയ്യാറാക്കുക.

b) ഭരണഘടനയുടെ ഡ്രാഫ്റ്റിംഗ് കമ്മിറ്റി ചെയർമാൻ ആരായിരുന്നു?

c) ഭരണഘടനയുമായി ബന്ധപ്പെട്ട ഒരു പ്രസ്താവനയും കാരണവും ചുവടെ നൽകിയിരിക്കുന്നു. അനുയോജ്യമായത് തിരഞ്ഞെടുത്ത് എഴുതുക.

പ്രസ്താവന :- ഭരണഘടനയുടെ ആത്മാവ് എന്നാണ് ആമുഖം അറിയപ്പെടുന്നത്.

കാരണം :- ഭരണഘടനയിൽ പ്രതിപാദിക്കുന്ന എല്ലാ അവകാശങ്ങളുടെയും രത്തച്ചുരുക്കമാണ് ആമുഖം.

A) പ്രസ്താവനയും കാരണവും തെറ്റ്.
B) പ്രസ്താവനയും കാരണവും ശരി.
C) പ്രസ്താവന ശരി. കാരണം തെറ്റ്.
D) പ്രസ്താവന തെറ്റ്. കാരണം ശരി.

5 കുട്ടികളുടെ അവകാശങ്ങൾക്ക് നമ്മുടെ രാജ്യം വലിയ പ്രാധാന്യമാണ് നൽകുന്നത്.

a) കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് കൂടുതൽ അറിയുന്നതിനായി നിയമ വിദഗ്ധനുമായി അഭിമുഖം നടത്തുന്നതിനുള്ള ചോദ്യാവലി തയ്യാറാക്കുക. (പ്രസക്തമായ 4 ചോദ്യങ്ങളെങ്കിലും തയ്യാറാക്കണം)

b) പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻ ഏതുപേരിലാണ് അറിയപ്പെടുന്നത്?

6 പ്രകൃതിദുരന്തങ്ങൾ, മനുഷ്യ നിർമ്മിത ദുരന്തങ്ങൾ എന്നിവയാൽ അരികുവൽക്കരണം സംഭവിക്കാറുണ്ട്.

ചിത്രങ്ങൾ നിരീക്ഷിക്കൂ.



വെള്ളപ്പൊക്കം


വാഹനാപകടം


സുനാമി


യുദ്ധം


പടക്കനിർമ്മാണശാലയിലെ അപകടം


ഭൂമികുലുക്കം

a) അരികുവൽക്കരണത്തിന് കാരണമാകാവുന്ന പ്രകൃതിദുരന്തങ്ങൾ, മനുഷ്യ നിർമ്മിത ദുരന്തങ്ങൾ, എന്നിങ്ങനെ തരംതിരിച്ചെഴുതുക.

| പ്രകൃതി ദുരന്തങ്ങൾ | മനുഷ്യനിർമ്മിത ദുരന്തങ്ങൾ |
|---|---|
| • | • |
| • | • |
| • | • |

b) മനുഷ്യനിർമ്മിത ദുരന്തങ്ങൾ ഒഴിവാക്കുന്നതിന് സമൂഹത്തെ ബോധവൽക്കരിക്കാൻ ആവശ്യമായ ഒരു പോസ്റ്റർ തയ്യാറാക്കുക.